LIBRARY ARCHIVES Kerala Legislative Assembly

(എ) സംസ്ഥാനത്ത് മത വർഗ്ഗീയതയും ജാതി വർഗ്ഗീയതയും ആളിപ്പടർത്തുന്നതിന് ചില ശക്തികൾ ബോധപൂർവ്വമായ ശ്രമങ്ങൾ ചില സ്ഥലങ്ങളിൽ ചില സമയങ്ങളിൽ നടത്തി വരുന്നതായുള്ള സംഭവങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വർഗ്ഗീയ ഭീഷണി മുതലായവ ഉയർന്നുവന്നാൽ അതിനെ ചെറുക്കാനും മത നിരപേക്ഷതാമൂല്യങ്ങൾ ഉയർത്തിപ്പിടിക്കാനും സർക്കാർ സദാ തയ്യാറാണ്. നാടിനും ജനങ്ങൾക്കും ഭീഷണിയുണ്ടാകുന്ന പ്രവൃത്തികൾ തടയുന്നതിനും സമാധാനം ഉറപ്പാക്കുന്നതിനുംവേണ്ടി സംസ്ഥാന ഇന്റലിജൻസിന്റെ സഹായത്തോടുകൂടി പോലീസ് സേന ജാഗരൂകരായി പ്രവർത്തിക്കുന്നു. ജാതി-മത വർഗ്ഗീയ സംഘർഷങ്ങളും വർഗ്ഗീയ ഭീഷണികളും ഒഴിവാക്കുന്നതിനായി ഇത്തരത്തിലുള്ള ചെറിയ നീക്കങ്ങൾ പോലും വേരോടെ പിഴുതെറിയുന്നതിന് നിലവിലുള്ള നിയമ വ്യവസ്ഥകൾ അനുസരിച്ച് പോലീസ് പ്രവർത്തിച്ചുവരുന്നു. കൂടാതെ ജനമൈത്രി, കടലോര ജാഗ്രതാ സമിതി, എസ്.പി.സി. തുടങ്ങിയ പദ്ധതികളിലൂടെ ജനങ്ങൾക്കിടയിൽ മതസ്പർദ്ധയും വൈരവും ഉണ്ടാക്കി നാട്ടിൽ അരാജകത്വം സൃഷ്ടിക്കുന്നതിനെതിരെ ജാഗ്രതാ നിർദ്ദേശങ്ങൾ നൽകിയും സമൂഹത്തിൽ നിലവിലുള്ള മതമൈത്രി കാത്തുസൂക്ഷിക്കുന്നതിനും സാഹോദര്യം നിലനിർത്തുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## ട്രെയിൻ യാത്രക്കാരുടെ സുരക്ഷ

5 (*5) ശ്രീ. എൻ. ഷംസുദ്ദീൻ :
ശ്രീ. സി. മോയിൻ കുട്ടി :
ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി :
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കാൻ എന്തൊക്കെ സംവിധാനങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെന്ന് വിശദമാക്കുമോ ;

(ബി) സംസ്ഥാനാതിർത്തിക്കുള്ളിൽ വച്ച് യാത്രക്കാർ കൊള്ളയ്ക്കും അക്രമത്തിനും വിധേയരാകുന്ന സംഭവങ്ങൾ ആവർത്തിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(സി) ഇക്കാര്യത്തിൽ കൂടുതൽ മുൻകരുതൽ നടപടികൾ എടുക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ ; എങ്കിൽ വിശദമാക്കുമോ ?

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല) : സർ,

LIBRARY ARCHIVES Kerala Legislative Assembly

(എ) ട്രെയിൻ യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുവാൻ യാത്രക്കാരെയും പാസഞ്ചർ അസോസിയേഷൻ ഭാരവാഹികളേയും റെയിൽവേ ജീവനക്കാരേയും പോർട്ടർമാരേയും മറ്റ് ഉദ്യോഗസ്ഥരെയും ഉൾപ്പെടുത്തി ജനയാത്ര സുരക്ഷാ കമ്മിറ്റി രൂപീകരിച്ച് ട്രെയിൻ യാത്രക്കാർക്കെതിരെ ഉണ്ടാകുന്ന ഉപദ്രവങ്ങളും ആക്രമണങ്ങളും ശ്രദ്ധയിൽപ്പെട്ടാൽ ഉടനെതന്നെ പോലീസിനെ അറിയിക്കുവാൻ ഏർപ്പാട് ചെയ്യും ഇത്തരം വിവരങ്ങൾ കിട്ടുന്ന സമയംതന്നെ ഡ്യൂട്ടിക്കാർ അടിയന്തരമായി ഇടപെട്ട് വേണ്ട സഹായ നടപടികൾ കൈക്കൊള്ളുകയും നിയമാനുസൃതമായി കേസുകൾ രജിസ്റ്റർ ചെയ്ത് അനന്തര നടപടികളും ഊർജ്ജിതമായി കൈക്കൊണ്ടുവരുന്നു. വനിതാ കമ്പാർട്ടുമെന്റുകളിൽ വനിതാ യാത്രക്കാരുടെ സുരക്ഷയ്ക്കായി ലഭ്യതയ്ക്കനുസരിച്ച് വനിതാ പോലീസുകാരെ നിയോഗിച്ചിട്ടുള്ളതും കൂടാതെ വനിതാ കമ്പാർട്ടുമെന്റുകൾക്ക് സമീപമുള്ള കമ്പാർട്ടുമെന്റുകളിൽ പ്രത്യേകം പോലീസ് പട്രോളിംഗ് നടത്തിവരുന്നു. ട്രെയിനുകൾ നിർത്തുന്ന അവസരങ്ങളിൽ കമ്പാർട്ടുമെന്റുകളുടെ അരികിലെത്തി പോലീസ് ഉദ്യോഗസ്ഥർ യാത്രക്കാരോട് വിവരങ്ങൾ ചോദിച്ചറിയുകയും മറ്റ് നിരീക്ഷണങ്ങൾ നടത്തുകയും ചെയ്യുന്നു. ട്രെയിനുകളിൽ കുറ്റക്കാർ ഉണ്ടോയെന്ന് സൂക്ഷ്മമായി നിരീക്ഷിച്ചും അന്വേഷിച്ചും കണ്ടെത്തി നിയമാനുസൃതമായി എല്ലാ നടപടികളും കൈക്കൊണ്ടുവരുന്നു. അടിയന്തര സാഹചര്യങ്ങളിൽ ജില്ലയിൽ നിന്നുള്ള ലോക്കൽ പോലീസിന്റെ സേവനവും ലഭ്യമാക്കുന്നുണ്ട്. റെയിൽവേ പോലീസിനെ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ബീറ്റ് ഡ്യൂട്ടിക്ക് നിയോഗിച്ചിട്ടുണ്ട്. മദ്യപർക്കും സാമൂഹ്യ വിരുദ്ധർക്കുമെതിരെ കർശന നടപടി സ്വീകരിച്ചുവരുന്നു. ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിനും ലഘുലേഖകളും ഫീഡ് ബാക്ക് ഫോമുകളും തയ്യാറാക്കി യാത്രക്കാർക്ക് വിതരണം ചെയ്ത് അഭിപ്രായം സ്വരൂപിച്ച് ആയതിന്റെ അടിസ്ഥാനത്തിൽ യാത്രക്കാരുമായി കൂടിക്കാഴ്ചകൾ നടത്തി യാത്രക്കാർക്കെതിരെ ഉണ്ടാകുന്ന ആക്രമണങ്ങൾ മുൻകൂട്ടി തടഞ്ഞും സുരക്ഷ ഒരുക്കിയും നിയമാനുസൃത നടപടികൾ കൈക്കൊണ്ടുവരുന്നു.

ട്രെയിൻ യാത്രക്കാർക്കെതിരെ ഉണ്ടാകുന്ന ഏത് അതിക്രമങ്ങൾക്കും മറ്റ് സംഗതികൾക്കും ഉടനടി ബന്ധപ്പെടുന്നതിന് റെയിൽവേ പോലീസ് സൂപ്രണ്ടിന്റെ ഓഫീസിൽ ഒരു റെയിൽ അലർട്ട് സിസ്റ്റം നടപ്പിലാക്കിയിട്ടുണ്ട്. ഏത് സമയവും (24 മണിക്കൂറും) റെയിൽ അലർട്ട് നമ്പരായ 9846200100-ൽ ബന്ധപ്പെടാവുന്നതും തൽസമയംതന്നെ നടപടികൾ സ്വീകരിക്കുന്നതുമാണ്. ടി നമ്പരുകൾ ട്രെയിനുകളിലും പ്ലാറ്റ്ഫോമുകളിലും ലഘുലേഖകളിലും മാധ്യമങ്ങളിലും പ്രസിദ്ധീകരിച്ചിട്ടുള്ളതുമാണ്. സിറ്റിസൺ ഹെൽപ് ഡെസ്ക് ട്രെയിൻ യാത്രക്കാരുടെ പരാതികൾക്ക് പ്രത്യേക പരിഗണന നൽകി തൽസമയ സഹായ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) നിലവിലുള്ള ഉദ്യോഗസ്ഥരെ പരമാവധി വിനിയോഗപ്പെടുത്തി കുറ്റകൃത്യങ്ങൾ തടയുന്നതിലേയ്ക്കുള്ള ശ്രമങ്ങൾ നടത്തിവരുന്നു. പോലീസ് പട്രോളിംഗ് കൂടുതൽ ശക്തമാക്കിയും രഹസ്യ വിവരങ്ങൾ സ്വീകരിച്ചും ഇക്കാര്യത്തിൽ വേണ്ട മുൻകരുതൽ നടപടികൾ സ്വീകരിച്ചുവരുന്നു. എല്ലാ ട്രെയിനുകളിലും മുഴുവൻ സമയവും പട്രോളിംഗും മറ്റും നടത്തുന്നതിന് പോലീസിന്റെ അംഗബലവും ആയുധബലവും വർദ്ധിപ്പിക്കുന്നതിന് റെയിൽവേയുടെ അനുവാദവും തീരുമാനങ്ങളും ആവശ്യമാണ്.

## കാരുണ്യ ബെനവലന്റ് പദ്ധതി

6 (*6) ശ്രീ. വർക്കല കഹാർ :
ശ്രീ. കെ. ശിവദാസൻ നായർ :
ശ്രീ. എം. പി. വിൻസെന്റ് :
ശ്രീ. പി. എ. മാധവൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് കാരുണ്യബെനവലന്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ടോ; വിശദമാക്കുമോ ;

(ബി) എന്തെല്ലാം ഉദ്ദേശ്യലക്ഷ്യങ്ങളാണ് പ്രസ്തുത പദ്ധതിവഴി കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം ;

(സി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട് ?

മുഖ്യമന്ത്രി (ശ്രീ. ഉമ്മൻ ചാണ്ടി) : സർ,

(എ&ബി) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 7/2012/ടി.ഡി. തീയതി 30-1-2012 പ്രകാരം പദ്ധതി അനുവദിച്ച് ഉത്തരവായിട്ടുണ്ട്. സർക്കാർ ഉത്തരവ് നമ്പർ (എം.എസ്.) 26/2012/ടി.ഡി. തീയതി 21-2-2012 പ്രകാരം കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതി നടത്തിപ്പ് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. മാരകമായ രോഗങ്ങൾ പിടിപെട്ടവരും വർദ്ധിച്ചുവരുന്ന ചികിത്സാ ചെലവുമൂലം വിദഗ്ദ്ധ ചികിത്സയ്ക്ക് പണം കണ്ടെത്തുവാൻ ബുദ്ധിമുട്ടുന്നവരുമായ സമൂഹത്തിലെ പാവപ്പെട്ട രോഗികൾക്ക് ആവശ്യമായ വിദഗ്ദ്ധ ചികിത്സ സൗജന്യമായി നൽകുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് കാരുണ്യ ബെനവലന്റ് ഫണ്ട്. സമൂഹത്തിലെ നിർധനരായ രോഗികൾക്ക് ചികിത്സാ